"ഭരണഭാഷ- മാതൃഭാഷ"

84510

27 NOV 2020

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ഹസ്സൻ ജഷീൽ, കൺസൾട്ടന്റ് - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അന്യത്രസേവനത്തിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2196/2020/ആ.കു.വ** തീയതി,തിരുവനന്തപുരം, 24/11/2020

---

പരാമർശം:- 1 സ.ഉ (സാധാ) നം.3500/2018/ആകുവ തീയതി 26.11.2018.

2 സ.ഉ (സാധാ) നം.2992/2019/ആകുവ തീയതി 12.12.2019.

3 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 09.11.2020-ലെ ഇഎ1-49292/2015/ആവഡ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലാ ആശുപത്രിയിലെ കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ഹസ്സൻ ജഷീലിനെ പരാമൃഷ്ട ഉത്തരവ് (1) പ്രകാരം നിലവിലുള്ള ഡെപ്യൂട്ടേഷൻ വ്യവസ്ഥകൾക്ക് വിധേയമായി, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അന്യത്രസേവനം അനുവദിച്ച് ഉത്തരവാകുകയും, പരാമൃഷ്ട ഉത്തരവ് (2) പ്രകാരം പ്രസ്തുത നിയമനത്തിന്റെ കാലാവധി 29.11.2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു.

(2) ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റായിരുന്ന ഡോ.ഹസ്സൻ ജഷീലിന്റെ സൂപ്പർ സ്പെഷ്യാലിറ്റി കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് തസ്തികയിലേയ്ക്കുള്ള നിയമനം താൽക്കാലികമായതിനാലും, നിലവിൽ കാർഡിയോളജി കൺസൾട്ടന്റ് തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാലും, മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ അന്യത്രസേവന വ്യവസ്ഥയിലെ നിയമന കാലവാധി അവസാനിക്കുന്ന മുറയ്ക്ക് ഡോ.ഹസ്സൻ ജഷീലിനെ 29.11.2020 മുതൽ മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമേഷ് ജി ആർ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്:-

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.

ഡോ.ഹസ്സൻ ജഷീൽ, കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ1-49292/15/ആ.വ.ഡ തീയതി 05.01.2021**

അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്

1. ജില്ലാ മെഡിക്കൽ ആഫീസർ മലപ്പുറം

പകർപ്പ്

1. സൂപ്രണ്ട്, ജനറൽ ആശുപത്രി മഞ്ചേരി
2. ഡോ. ഹസ്സൻ ജഷീൽ കൺസൽട്ടന്റ്
3. ഫയൽ / കരുതൽ ഫയൽ